# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

സെപ്റ്റംബർ 2

September 2

2019

*1193 ചിങ്ങം* 17 തിങ്കൾ

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


## വനിതാ കമ്മീഷൻ അദാലത്ത് ഏഴിന്

സംസ്ഥാന വനിതാ കമ്മീഷൻ ഈ മാസം ഏഴിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ രാവിലെ 10.30 മുതൽ മെഗാ അദാലത്ത് നടത്തും. (പിഎൻപി 2428/19)

## യോഗം

പമ്പയാറിന്റെയും പോഷക നദികളുടെയും തീരങ്ങളിൽ മുളകൾ വച്ചു പിടിപ്പിക്കുന്നത് സംബന്ധിച്ച് ഇന്ന് ഉച്ചയ്ക്ക് ശേഷം 3.30ന് കളക്ടറേറ്റിൽ യോഗം ചേരും.

(പിഎൻപി 2429/19)

## കെട്ടി നികുതി കളക്ഷൻ ക്യാമ്പ്

വള്ളിക്കോട് ഗ്രാമപഞ്ചായത്തിൽ കെട്ടിട നികുതി ഒടുക്കുന്നതിനായി വിവിധ കേന്ദ്രങ്ങളിൽ ക്യാമ്പ് നടത്തും. ഇന്ന് ഭുവനേശ്വരം ക്ഷേത്രം, വാഴമുട്ടം കിടങ്ങേത്ത് ജംഗ്ഷൻ, വെള്ളപ്പാറ ഇഎഎൽപി സ്കൂൾ, നാളെ (4) നരിയാപുരം വായനശാല ജംഗ്ഷൻ, വാഴമുട്ടം വായനശാല ജംഗ്ഷൻ, കുടമുക്ക് തിയേറ്റർ ജംഗ്ഷൻ, അഞ്ചിന് കൈപ്പട്ടൂർ പടിഞ്ഞാറെ ജംഗ്ഷൻ, ഞക്കുനിലം സാംസ്കാരിക നിലയം, മായാലിൽ ജംഗ്ഷൻ, ആറിന് തിരുവൻമേലിൽപടി, കൈപ്പട്ടൂർ തെക്കേക്കുരിശ് ജംഗ്ഷൻ, മൂന്നാം കലുങ്ക് ജംഗ്ഷൻ, ഏഴിന് കൊച്ചാലുംമൂട് ജംഗ്ഷൻ, തൃപ്പാറ കുരിശുംമൂട് ജംഗ്ഷൻ എന്നിവിടങ്ങളിൽ രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് ശേഷം 2.30 വരെയാണ് ക്യാമ്പ് പ്രവർത്തിക്കുക.

(പിഎൻപി 2430/19)

## മഞ്ഞപ്പിത്തത്തിനെതിരെ ജാഗ്രത വേണം – ജില്ലാ മെഡിക്കല്‍ ഓഫീസര്‍

ജില്ലയില്‍ ചില പ്രദേശങ്ങളില്‍ മഞ്ഞപ്പിത്തം (ഹെപ്പറ്റൈറ്റിസ്–എ) പടരുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുള്ളതിനാല്‍ ഇതിനെതിരെ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കല്‍ ഓഫീസര്‍ ഡോ.എ.എല്‍.ഷീജ അറിയിച്ചു. മലിനമായ ജലത്തിലൂടെയും ആഹാരത്തിലൂടെയുമാണ് മഞ്ഞപ്പിത്തം പകരുന്നത്. മഞ്ഞപ്പിത്തം ബാധിച്ചയാളുടെ മലത്തില്‍കൂടിയും ഛര്‍ദ്ദിലില്‍ കൂടിയും പുറത്തുവരുന്ന രോഗാണുക്കള്‍ കുടിവെള്ളത്തില്‍ കൂടിയും ആഹാരത്തില്‍ കൂടിയും ശരീരത്തിലെത്തും. മനുഷ്യവിസര്‍ജ്യങ്ങളില്‍ നിന്ന് രോഗാണുക്കളെ ആഹാരം വഴി ശരീരത്തില്‍ എത്തിക്കുന്നതിന് ഈച്ച ഉള്‍പ്പെടെയുള്ള പ്രാണികള്‍ക്കും പങ്കുണ്ട്.

ശരീരവേദനയോടു കൂടിയ പനി, തലവേദന, ക്ഷീണം, ഓക്കാനം, ഛര്‍ദ്ദി എന്നിവയാണ് പ്രാരംഭ ലക്ഷണങ്ങള്‍. പിന്നീട് മൂത്രത്തിലും കണ്ണിലും ശരീരത്തിലും മഞ്ഞനിറം പ്രത്യക്ഷപ്പെടും.

**മഞ്ഞപ്പിത്തം നിയന്ത്രിക്കുന്നതിന് ഇനിപറയുന്ന മാര്‍ഗങ്ങള്‍ സ്വീകരിക്കണം.**

കിണര്‍ ഉള്‍പ്പെടെ ജലം ലഭ്യമാകുന്ന ഉറവിടങ്ങള്‍ ഇടയ്ക്കിടെ ക്ലോറിനേഷന്‍ നടത്തി അണുവിമുക്തമാക്കണം. ക്ലോറിനേഷന്‍ നടത്തിയതാണെങ്കിലും കുടിക്കാന്‍ ഉപയോഗിക്കുന്ന വെള്ളം ചുരുങ്ങിയത് അഞ്ച് മിനിറ്റ് തിളപ്പിച്ച് ആറിച്ചതാണെന്ന് ഉറപ്പാക്കണം. ആഹാരസാധനങ്ങള്‍ അടച്ച് സൂക്ഷിക്കണം. ആഹാരം കഴിക്കുന്നതിന് മുമ്പ് മലവിസര്‍ജനത്തിന് ശേഷവും കൈകള്‍ സോപ്പ് ഉപയോഗിച്ച് കഴുകണം. ഭക്ഷണം ചൂടോടെ കഴിക്കണം. ചെറിയ കുട്ടികളും രോഗബാധിതരും ഉപയോഗിക്കുന്ന നാപ്കിനുകള്‍ ശരിയായ വിധം സംസ്കരിക്കണം. മഞ്ഞപ്പിത്തബാധ സംശയിച്ചാല്‍ ഉടന്‍ വൈദ്യസഹായം തേടണം.

കുടിവെള്ളം ക്ലോറിനേറ്റ് ചെയ്ത് അണുവിമുക്തമാക്കുന്നതിനാവശ്യമായ ബ്ലീച്ചിംഗ് പൗഡര്‍ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും സൗജന്യമായി ലഭിക്കും.

ശുദ്ധമായ വെള്ളം ഉപയോഗിച്ചതാണെന്ന് ഉറപ്പില്ലാത്ത സിപ്അപ്, ഐസ്ക്രീം, ഫുള്‍ജാര്‍ സോഡ, മറ്റ് ശീതള പാനീയങ്ങള്‍ എന്നിവ കഴിക്കരുത്. മത്സ്യം കേട് കൂടാതിരിക്കാന്‍ ഉപയോഗിക്കുന്ന ഐസ് ശീതള പാനീയങ്ങളില്‍ ചേര്‍ത്ത് കഴിക്കുന്നത് മഞ്ഞപ്പിത്തം ഉള്‍പ്പെടെയുള്ള ജലജന്യ രോഗങ്ങള്‍ പകരുന്നതിന് കാരണമാകുമെന്നും ജില്ലാ മെഡിക്കല്‍ ഓഫീസര്‍ അറിയിച്ചു. (പിഎന്‍പി 2431/19)

## പലചരക്ക്–പച്ചക്കറി കടകളില്‍ പരിശോധന നടത്തി

ഓണക്കാലത്ത് പൊതുവിപണിയില്‍ ഭക്ഷ്യ വസ്തുക്കളുടേയും മറ്റ് അവശ്യ സാധനങ്ങളുടേയും കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും തടയുന്നതിന് ജില്ലാ കളക്ടര്‍ രൂപീകരിച്ച പ്രത്യേക സ്ക്വാഡ് പത്തനംതിട്ട നഗരസഭയിലെ പലചരക്ക്–പച്ചക്കറി കടകളില്‍ വ്യാപക പരിശോധന നടത്തി.

വിലവിവരപ്പട്ടിക പ്രദര്‍ശിപ്പിക്കാത്തതും ബില്ലുകള്‍ സൂക്ഷിക്കാതിരുന്നതുമായ പഴയ പ്രൈവറ്റ് ബസ് സ്റ്റാന്‍ഡിലെ നാല് പച്ചക്കറി വ്യാപാരികളുടെ പേരില്‍ അവശ്യസാധന നിയമപ്രകാരം കേസെടുത്തു. അവശ്യസാധനങ്ങള്‍ വിതരണം നടത്തുന്ന താലൂക്കിലെ എല്ലാ വ്യാപാരികളും റേഷന്‍കട ലൈസന്‍സികളും കൃത്യമായ വിലവിവരപ്പട്ടികയും ബില്ലുകളും സൂക്ഷിക്കണമെന്ന് താലൂക്ക് സപ്ലൈ ആഫീസര്‍ സുരേഷ്കുമാര്‍ അറിയിച്ചു.

കോഴഞ്ചേരി താലൂക്ക് സപ്ലൈ ആഫീസറുടെ നേതൃത്വത്തില്‍ നടത്തിയ പരിശോധനയില്‍ റേഷനിംഗ് ഇന്‍സ്പെക്ടര്‍മാരായ രാധേഷ്, ലിസി സാം എന്നിവര്‍ പങ്കെടുത്തു. (പിഎന്‍പി 2432/19)

## റാന്നി സർവീസ് സഹകരണ ബാങ്കിന്റെ ശതാബ്ദി ആഘോഷവും ശാഖാ ഉദ്ഘാടനവും ഇന്ന്(3)

റാന്നി സർവീസ് സഹകരണ ബാങ്കിന്റെ ശതാബ്ദി ആഘോഷവും പാലച്ചുവട് ശാഖയുടെ ഉദ്ഘാടനവും ഇന്ന്(3) ഉച്ചകഴിഞ്ഞ് മൂന്നിന് ബാങ്ക് ഓഡിറ്റോറിയത്തിൽ തുറമുഖ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിക്കും. ബാങ്ക് വെബ് സൈറ്റ് ഉദ്ഘാടനം രാജു ഏബ്രഹാം എംഎൽഎ നിർവഹിക്കും. ബാങ്ക് പ്രസിഡന്റ് ടി എൻ ശിവൻകുട്ടി അധ്യക്ഷത വഹിക്കും.

1919 ൽ നായർ വെള്ളാള പരസ്പര സഹായ സംഘം എന്ന പേരിൽ തുടക്കം കുറിച്ച് 1959 ൽ റാന്നി സേവന സഹകരണ സംഘമായി പേര് മാറ്റി. 1963 ൽ റാന്നി സർവീസ് സഹകരണ ബാങ്കായി മാറി. 1973 മുതൽ ലാഭത്തിൽ പ്രവർത്തിക്കാൻ തുടങ്ങി. 1980 ൽ ക്ലാസ് മൂന്നും 1983ൽ ക്ലാസ് രണ്ടും 1986 ൽ ക്ലാസ് ഒന്നായും 1995 ൽ ക്ലാസ് □ സ്പെഷൽ ഗ്രേഡും 2016ൽ സൂപ്പർ ഗ്രേഡായും ഉയർത്തപ്പെട്ടു. ജില്ലയിൽ സൂപ്പർ ഗ്രേഡ് പദവിയിലെത്തിയ ആദ്യ ബാങ്കാണ് റാന്നി സർവീസ് സഹകരണ ബാങ്ക്. 2001 മുതൽ 20 ശതമാനം ഡിവിഡൻഡ് നൽകി വരുന്നു.

ബാങ്ക് പ്രവർത്തനങ്ങൾക്ക് പുറമേ ചിട്ടി, സ്വർണ പണയം, പണയം, സേഫ് ഡിപ്പോസിറ്റ് ലോക്കർ, ഓഡിറ്റോറിയം, നീതി സ്റ്റോർ, വളം ഡിപ്പോ എന്നിവയും നടത്തിവരുന്നു. ചികിത്സാ ധനസഹായം നൽകി വരുന്നു. കേരള സർക്കാരിന്റെ സേവന പെൻഷനുകൾ ഭവനങ്ങളിൽ എത്തിച്ചു കൊടുക്കുന്നുണ്ട്. കെഎസ്ആർടിസി പെൻഷൻ വിതരണവും നടത്തുന്നു. പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി കെയർ ഹോം പദ്ധതിയിൽ രണ്ടു വീടുകൾ ബാങ്ക് നിർമിച്ചു നൽകി.

ഇപ്പോൾ 116 കോടി രൂപ നിക്ഷേപ ബാക്കി നിൽപ്പും 64 കോടി രൂപ വായ്പാ ബാക്കി നിൽപ്പും ഉണ്ട്. 13132 അംഗങ്ങൾ ഉണ്ട്. 1,54 കോടി രൂപ ഓഹരി മൂലധനവും 118 കോടി രൂപ പ്രവർത്തന മൂലധനവും ഉണ്ട്. റാന്നിയിൽ നടത്തിയ പത്ര സമ്മേളനത്തിൽ സ്വാഗത സംഘം ചെയർമാൻ ടി എൻ ശിവൻകുട്ടി, കൺവീനർ പി ആർ പ്രസാദ്, സെക്രട്ടറി സൂസൻ കെ തോമസ്, ബിനോയി കുര്യാക്കോസ്, സി.എൻ രാജൻ, ജി ഹരികുമാർ, എൻ. ജി തോമസ് കുട്ടി എന്നിവർ സംസാരിച്ചു. (പിഎൻപി 2433/19)

## ഹോമിയോ ആശുപത്രി കെട്ടിടം ഉദ്ഘാടനം ഇന്ന് (3)

വള്ളിക്കോട് ഗ്രാമപഞ്ചായത്ത് ഹോമിയോ ആശുപത്രിയുടെ പുതിയ കെട്ടിടം ഇന്ന് (3) ഉച്ചയ്ക്ക് ശേഷം മൂന്നിന് വളവൂർക്കാവ് ജംഗ്ഷനിൽ അടൂർ പ്രകാശ് എംപി ഉദ്ഘാടനം ചെയ്യും. (പിഎൻപി 2434/19)

## വടശേരിക്കര ഗ്രാമപഞ്ചായത്ത് നവീകരിച്ച ആഫീസ് സമുച്ചയത്തിന്റെ ഉദ്ഘാടനം ഇന്ന് (3)

വടശേരിക്കര ഗ്രാമപഞ്ചായത്ത് ഐഎസ്ഒ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഫ്രണ്ട് ഓഫീസ്, ഹെൽപ്പ് ഡസ്ക്, ടോയ്‌ലറ്റ് കോംപ്ലക്സ്, സ്റ്റോർ റൂം, ഫീഡിംഗ് റൂം, പാർക്കിംഗ് ഗ്രൗണ്ട് എന്നിവ ഉൾപ്പെടുത്തി നവീകരിച്ച ഓഫീസ് സമുച്ചയം ഇന്ന് (3) വൈകിട്ട് നാലിന് ഗതാഗതമന്ത്രി എ.കെ.ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മണിയാർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എംപി ഓഡിറ്റോറിയവും രാജുഏബ്രഹാം എംഎൽഎ ഫ്രണ്ട് ഓഫീസും ഉദ്ഘാടനം ചെയ്യും. ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് സ്വപ്നാ സൂസൻ ജേക്കബ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് മോഹൻരാജ് ജേക്കബ്, സെക്രട്ടറി എ.ആർ.അജീഷ് കുമാർ, ജില്ലാ പഞ്ചായത്ത് അംഗം സൂസൻ അലക്സ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

സാമുവേൽ എസ്.തോമസ്, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ ചിഞ്ചു അനിൽ, ലതാസുരേഷ്, സ്ഥിരം സമിതി അധ്യക്ഷരായ കെ.ഇ.തോമസ്, സാലി മാത്യു, അജേഷ് മണപ്പാട്ട്, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 2435/19)

## ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്കായി കളക്ടറുടെ അദാലത്ത് 30ന്

ചാലക്കയം, മൂഴിയാർ വനമേഖലയിലെ ആദിവാസി കുടുംബങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഈമാസം 30ന് അദാലത്ത് സംഘടിപ്പിക്കുമെന്ന് ജില്ലാ കളക്ടർ പി ബി നൂഹ് പറഞ്ഞു. പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അദാലത്ത് സംഘടിപ്പിക്കുന്നതിനു മുന്നോടിയായി കളക്ടറേറ്റിൽ ചേർന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മലമ്പണ്ടാര വിഭാഗത്തിൽപ്പെട്ട ആദിവാസി കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തന നടപടികളുടെ പുരോഗതി നേരിട്ട് വിലയിരുത്താൻ നേരത്തെ ജില്ലാ കളക്ടർ ളാഹ സന്ദർശിച്ചിരുന്നു. മലമ്പണ്ടാര വിഭാഗത്തിൽപ്പെട്ടവരുടെ ഊരുകളിൽ ഭക്ഷണത്തിനു പുറമേ അവശ്യരേഖകളായ തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ്, റേഷൻ കാർഡ്, ജനന സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ് തുടങ്ങിയവ ലഭിക്കുന്നില്ലെന്ന് കളക്ടർ നടത്തിയ പരിശോധനയിൽ കണ്ടെത്തിയിരുന്നു. ഇതേ തുടർന്നാണ് ചാലക്കയം, മൂഴിയാർ വനമേഖലയിലെ 77 കുടുംബങ്ങൾക്കായി അദാലത്ത് സംഘടിപ്പിക്കാൻ തീരുമാനിച്ചത്. അദാലത്തിൽ ജനന സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, ആധാർ കാർഡ്, പെൻഷനുകൾ തുടങ്ങിയവ കൈമാറും.

തിരുവല്ല സബ് കളക്ടർ ഡോ. വിനയ് ഗോയൽ, ജില്ലാ പട്ടികവർഗ വികസന ഓഫീസർ വി.ആർ മധു, ഡിഎംഒ(ആരോഗ്യം) ഡോ. എ.എൽ ഷീജ, ജില്ലാ സപ്ലൈ ഓഫീസർ എം എസ് ബീന, വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 2436/19)

## പ്രശ്ന സാധ്യതയുള്ള സ്ഥലങ്ങളിൽ സമാധാന സമിതികൾ രൂപീകരിക്കും

ജില്ലയിലെ പ്രശ്ന സാധ്യതയുള്ള സ്ഥലങ്ങളിൽ സമാധാന സമിതികൾ രൂപീകരിക്കുന്നതിന് ജില്ലാ കളക്ടർ പി.ബി. നൂഹിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ മതസൗഹാർദവുമായി ബന്ധപ്പെട്ടു ചേർന്ന യോഗം തീരുമാനിച്ചു. ബന്ധപ്പെട്ട തഹസിൽദാർമാർ, സ്റ്റേഷൻ ഓഫീസർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രവർത്തകർ, സാമുദായിക സംഘടനാ പ്രവർത്തകർ, റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ എന്നിവരെ സമാധാന സമിതിയിൽ ഉൾപ്പെടുത്തു.

റവന്യു ഡിവിഷണൽ ഓഫീസർമാരും ഡിവൈഎസ്പിമാരും സമിതിയുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കും. വർഗീയ സംഘർഷങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളുടെ മാപ്പിംഗ് സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ നേതൃത്വത്തിൽ തയാറാക്കാനും തീരുമാനമായി. മാസം തോറും സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ നിരീക്ഷണ സമിതി യോഗം ചേർന്ന് അവയുടെ റിപ്പോർട്ട് കളക്ടർക്കും ജില്ലാ പോലീസ് മേധാവിക്കും നൽകാനും തീരുമാനിച്ചു. മല്ലപ്പള്ളി തഹസിൽദാർ ടി എ മധുസൂദനൻ നായർ, അടൂർ തഹസിൽദാർ ബീന എസ് ഹനീഫ്, കോന്നി ഡെപ്യൂട്ടി തഹസിൽദാർ ഷൈനി ബേബി, റാന്നി ഡെപ്യൂട്ടി തഹസിൽദാർ എം കെ അജികുമാർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 2437/19)

## തൊഴിൽരഹിത വേതന വിതരണം

ഏഴംകുളം ഗ്രാമപഞ്ചായത്തിൽ നിന്നും തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നവർ ആധാർ കാർഡ്, ബാങ്ക് അക്കൗണ്ട് പാസ്ബുക്കിന്റെ പകർപ്പ്, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ

കാർഡ്, റേഷൻ കാർഡ്, എസ്എസ്എൽസി ബുക്ക് എന്നിവ സഹിതം ഈ മാസം അഞ്ചിനകം പഞ്ചായത്ത് ഓഫീസിൽ ഹാജരായി വേതനം കൈപ്പറ്റണമെന്ന് സെക്രട്ടറി അറിയിച്ചു. രേഖകൾ ഹാജരാക്കിയവരും ഓഫീസിൽ നിന്നും നേരിട്ട് വേതനം കൈപ്പറ്റണം.

(പിഎൻപി 2438/19)

## സുബലപാർക്ക്: രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി നൽകി

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പത്തനംതിട്ടയിലെ സുബല പാർക്കിന്റെ രണ്ടാംഘട്ട നിർമാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിലേക്ക് നൽകിയതായി ജില്ലാ പട്ടികജാതി വികസന ഓഫീസർ എസ്. എസ്. ബീന അറിയിച്ചു. ജില്ലാ നിർമിതി കേന്ദ്രമാണ് എസ്റ്റിമേറ്റ് തയാറാക്കിയത്. സുബല പാർക്ക് നിർമാണത്തിന് നൽകേണ്ട 3.88 കോടി രൂപയുടെ ഫണ്ട് ലഭ്യമാക്കുന്നതിനായി വകുപ്പ് തലത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ചു. ഫയൽ ധന വകുപ്പിന്റെ പരിഗണനയിലാണ്.

വൈദ്യുതി കണക്ഷൻ ലഭ്യമാക്കി നിർമാണ പ്രവർത്തികൾ പുനരാരംഭിച്ചു. ഒന്നാം ഘട്ട പ്രവർത്തനത്തിൽ ഉൾപ്പെട്ട കിച്ചൺ, വാഷ് ഏരിയ എന്നിവയുടെയും മേൽക്കൂരയുടെയും പണി പൂർത്തിയാക്കി ഷീറ്റ് ഇട്ടു. ഓഡിറ്റോറിയത്തിന്റേയും, കിച്ചന്റെയും വാഷ് ഏരിയായുടേയും പരിസരം കാട് വെട്ടിത്തെളിച്ച് വൃത്തിയാക്കി. ഓഡിറ്റോറിയത്തിന് ഉൾവശത്തെ പ്രവർത്തികളാണ് ഇപ്പോൾ നടന്നുവരുന്നത്. സ്വിച്ച് ബോർഡുകളും മറ്റും മാറി ഹാളിന്റെ വയറിംഗ് പണികൾ നവീകരിച്ചുകൊണ്ടിരിക്കുകയാണ്. ബോട്ടിംഗ് സ്ഥലത്ത് വെള്ളം നിറഞ്ഞിരിക്കുന്നതിനാൽ ഇതിനോട് അനുബന്ധിച്ച പ്രവർത്തികൾ നടത്തുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുള്ളതായി നിർവഹണ ഏജൻസിയായ ജില്ലാ നിർമിതി കേന്ദ്രം അറിയിച്ചു. ഫണ്ട് ലഭ്യമായാൽ ഉടൻ കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് ബോട്ടിംഗ് സ്ഥലത്തിന്റെ നിർമാണ പ്രവർത്തി അടിയന്തിരമായി തുടങ്ങും.

സുബല കോംപ്ലക്സിൽ നിലവിലുള്ള പഴയ വർക്ക് ഷെഡിലെ ഉപയോഗ ശൂന്യമായ തയ്യൽമെഷീനുകൾ വില നിർണയിച്ച് ലേലം ചെയ്യുന്നതിന് ജില്ലാ വ്യവസായ കേന്ദ്രത്തെ ചുമതലപ്പെടുത്തി. മുടങ്ങിക്കിടന്ന സുബല കോംപ്ലക്സിന്റെ നിർമാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ കളക്ടർ പി.ബി. നൂഹിന്റെ ഇടപെടലിനെ തുടർന്ന് ജൂലൈ ഒന്നിന് അവലോകന യോഗം ചേർന്നിരുന്നു. ജില്ലാ കളക്ടർ സുബല കോംപ്ലക്സ് സന്ദർശിക്കുകയും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവർത്തികൾ അടിയന്തിരമായി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് സജ്ജമാക്കണമെന്ന് നിർവഹണ ഏജൻസിയായ ജില്ലാ നിർമിതി കേന്ദ്രത്തിനും ഫണ്ട് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർക്കും നിർദേശം നൽകിയിരുന്നു.

(പിഎൻപി 2439/19)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| സെപ്റ്റംബർ 2<br>September 2 | 2019 |
|---|---|

***1193 ചിങ്ങം*** 17 തിങ്കൾ

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ദുരിതാശ്വാസ നിധിയിലേക്ക് എല്ലാ മാസവും 1000 രൂപ;**
**സമൂഹത്തിന് മഹനീയ മാതൃകയായി അനിത ടീച്ചർ**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ആജീവനാന്ത സഹായം നൽകി സമൂഹത്തിന് മഹനീയ മാതൃകയാകുകയാണ് എൻ.വി. അനിത ടീച്ചർ. സാമൂഹിക പ്രശ്നങ്ങളോടും മനുഷ്യന്റെ ദുരിത അവസ്ഥയോടും ഉത്തരവാദിത്വത്തോടെ എങ്ങനെ പ്രതികരിക്കണം എന്നുള്ളതിന് മികച്ച ഉദാഹരണമാണ് പത്തനംതിട്ട ജില്ലയിലെ തിരുവല്ല ഡയറ്റ് ഫാക്കൽറ്റി അംഗമായ അനിത ടീച്ചർ. എല്ലാമാസവും 1000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകാനാണ് ടീച്ചറുടെ തീരുമാനം. സർവീസിൽ നിന്നു വിരമിച്ചാലും ദുരിതമനുഭവിക്കുന്നവർക്ക് വേ ിയുള്ള പ്രതിമാസ സഹായം തുടരാനാണ് ടീച്ചറുടെ തീരുമാനം. സംഭാവന നൽകുന്നതിനുള്ള സമ്മതമറിയിച്ച് ടീച്ചർ മുഖ്യമന്ത്രിയുടെ ഓഫീസിലേക്ക് ഇ-മെയിൽ അയച്ചിരുന്നു. ടീച്ചറുടെ ഇ-മെയിൽ അവിടെ നിന്നും വിദ്യാഭ്യാസ ഡയറക്ടർക്ക് തുടർ നടപടികൾക്കായി കൈമാറിയതായി അറിയിപ്പു ലഭിച്ചു.

കഴിഞ്ഞ കൊല്ലവും ഇക്കൊല്ലവുമു ായ പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് ദുരിതാശ്വാസ നിധിയിലേക്ക് സ്ഥിരമായി സംഭാവന നൽകാനുള്ള തീരുമാനം ടീച്ചർ കൈക്കൊ ത്. ഏതുതരം ദുരിതമനുഭവിക്കുന്നർക്കും താൻ നൽകുന്ന തുക ഭാവിയിൽ ആശ്വാസകരമാകട്ടെ എന്നു കരുതിയാണ് ടീച്ചർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നത്. അധ്യാപക ദിനത്തോടടുത്ത വേളയിലാണ് അനിത ടീച്ചറുടെ തീരുമാനം എന്നത് ശ്രദ്ധേയമാണ്. പ്രമുഖ ചിന്തകനും വിദ്യാഭ്യാസ ദാർശനികനും

മികച്ച അധ്യാപകനും മുൻ രാഷ്ട്രപതിയുമായിരുന്ന ഡോ.എസ്.രാധാകൃഷ്ണനെ സ്മരിക്കുന്ന അവസരത്തിൽ അനിത ടീച്ചറുടെ തീരുമാനം സമൂഹത്തിന് മാതൃകയാണ്. സഹജീവികളോടു കാണിക്കേ അനുതാപത്തിനും സഹായത്തിനും പൊതുസമൂഹത്തിന് വഴികാട്ടിയായി അനിത ടീച്ചറുടെ നിശ്ചയദാർഢ്യം മാറുമെന്നു പ്രതീക്ഷിക്കാം. കൊല്ലം ജില്ലയിലെ പള്ളിൺ സ്വദേശിയാണ് ടീച്ചർ. (പിഎൻപി 2440/19)

**ഫോട്ടോ അടിക്കുറിപ്പ്**

എൻ.വി. അനിത ടീച്ചർ






**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**


**സപ്ലൈകോ ഓണം ഫെയർ തുടങ്ങി**

സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ ഓണം താലൂക്ക് ഫെയർ ആറന്മുളയിൽ തുടങ്ങി. പ്രവർത്തന ഉദ്ഘാടനം വീണാ ജോർജ് എംഎൽഎ നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ഐഷാ പുരുഷോത്തമൻ അധ്യക്ഷത വഹിച്ചു. ആദ്യ വിൽപന ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രേഖ അനിൽ നിർവഹിച്ചു. ജില്ലാ പഞ്ചായത്തംഗം വിനീത അനിൽ, പ്രസാദ് വേരുങ്കൽ, തോമസ് മാത്യു വെൺമേലിൽ, എസ്.ദിനേശ്കുമാർ, പി.എസ്.വിനോദ്കുമാർ എന്നിവർ പ്രസംഗിച്ചു.

(പിഎൻപി 2441/19)

**ഫോട്ടോ അടിക്കുറിപ്പ്**

2) ആറന്മുളയിൽ ആരംഭിച്ച സപ്ലൈകോ ഓണം ഫെയർ വീണാ ജോർജ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.


SUPPLYCO
ഓണം താലൂക്ക് ഫെയർ–2019
ആറന്മുള
2019 സെപ്റ്റംബർ 2 മുതൽ 10 വരെ
ഉദ്ഘാടനം
അദ്ധ്യക്ഷ


SUPPLYCO
ഓണം താലൂക്ക് ഫെയർ–2019
ആറന്മുള
2019 സെപ്റ്റംബർ 2 മുതൽ 10 വരെ
ഉദ്ഘാടനം
2019 സെപ്റ്റംബർ 2 രാവിലെ 10 മണിക്ക്
ശ്രീമതി. വീണാ ജോർജ്ജ്
അദ്ധ്യക്ഷ
ആദ്യ വിൽപ്പന
ശ്രീമതി. രേഖ അനിൽ
(ബഹു: ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്)




വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.